LIBRARY ARCHIVES Kerala Legislative Assembly

മെഡിക്കൽ ആന്റ് സെയിൽസ് റെപ്രസെന്റേറ്റീവുമാർക്ക് മിനിമം കൂലി നിർണ്ണയിക്കാൻ നടപടി

131 [895] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ മെഡിക്കൽ ആന്റ് സെയിൽസ് റെപ്രസെന്റേറ്റീവ് ആയി ജോലി ചെയ്യുന്ന തൊഴിലാളികൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ എത്ര തൊഴിലാളികൾ ഈ രംഗത്ത് ജോലി ചെയ്യുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ;

(സി) ഈ വിഭാഗം തൊഴിലാളികൾക്ക് ഏതെങ്കിലും നിയമ പരിരക്ഷയോ, മിനിമം കൂലിയോ ബാധകമാണോ ;

(ഡി) മിനിമം കൂലി നിശ്ചയിച്ചിട്ടില്ലെങ്കിൽ പ്രസ്തുത വിഭാഗങ്ങൾക്ക് മിനിമം കൂലി നിർണ്ണയിക്കാൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മെഡിക്കൽ ആന്റ് സെയിൽസ് റെപ്രസെന്റേറ്റീവ് ആയി 5000-ൽപരം തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്ന് മനസ്സിലാക്കുന്നു. ഇത് സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ശേഖരിച്ചിട്ടില്ല.

(സി) ഈ വിഭാഗം തൊഴിലാളികൾ 1976-ലെ ദി സെയിൽസ് പ്രമോഷൻ എംപ്ലോയീസ് (കണ്ടിഷൻസ് ഓഫ് സർവ്വീസ്) നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നതാണ്. ഈ നിയമമനുസരിച്ച് പ്രസ്തുത വിഭാഗം തൊഴിലാളികൾക്ക് 1923-ലെ വർക്ക്മെൻസ് കോമ്പൻസേഷൻ നിയമം, 1947-ലെ തൊഴിൽ തർക്ക നിയമം, 1948-ലെ മിനിമം വേതന നിയമം, 1961-ലെ മെറ്റേർണിറ്റി നിയമം, 1965-ലെ ദി പേയ്മെന്റ് ഓഫ് ബോണസ് നിയമം, 1972-ലെ പേയ്മെന്റ് ഓഫ് ഗ്രാറ്റുവിറ്റി നിയമം തുടങ്ങിയ നിയമങ്ങൾ അനുശാസിക്കുന്ന പരിരക്ഷകൾ ലഭിക്കുന്നതാണ്.

(ഡി) ഈ വിഭാഗം തൊഴിലാളികൾക്ക് മിനിമം കൂലി നിശ്ചയിച്ചിക്കുന്നതിന് മുന്നോടിയായി 1948-ലെ മിനിമം വേതന നിയമത്തിലെ 'ഷെഡ്യൂൾ എംപ്ലോയ്മെന്റിൽ' ഉൾപ്പെടുത്തിയിട്ടുണ്ട്. മിനിമം വേതനം നിശ്ചയിക്കുന്നതിനുവേണ്ടിയുള്ള മിനിമം വേതന കമ്മിറ്റിയുടെ രൂപീകരണം സംബന്ധിച്ച വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് സഹായം ലഭിക്കാൻ നടപടി

132 [896] ശ്രീ. ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിൽ (തൃശ്ശൂർ) രജിസ്റ്റർ ചെയ്തിരുന്ന പള്ളിയിൽ ജോയി കൊടുങ്ങല്ലൂർ എന്നയാളുടെ ആശ്രിതർക്ക് ടിയാന്റെ മരണശേഷം ക്ഷേമനിധി ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;